(ബി) പ്രസ്തുത ജീവനക്കാരുടെ സേവനം ഓഫീസുമായി ബന്ധമായി ഉപയോഗിക്കുന്നു. അവരെ ശിപായിമാരായി തസ്തിക മാറ്റം ചെയ്യാനുള്ള നിർദ്ദേശം പബ്ലിക് സർവീസ് കമ്മീഷന്റെ പരിഗണനയിലാണ്.

മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ്

1443. [2180] ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകേണ്ട സ്കോളർഷിപ്പുകൾ നൽകുന്നതിന് കാലതാമസം വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകേണ്ട സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുള്ളതായ ചില പരാതികൾ ചില രക്ഷകർത്താക്കളിൽ നിന്നും കിട്ടിയിട്ടുണ്ട്.

(ബി) സ്കോളർഷിപ്പുകൾ ഉടനടി വിതരണം നടത്തുന്നതിനായി പരാതികൾ അപ്പപ്പോൾ തന്നെ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്. കാലതാമസം ഒഴിവാക്കി സ്കോളർഷിപ്പ് എല്ലാ കൊല്ലവും ആഗസ്റ്റ് 31-ാം തീയതിക്ക് മുമ്പ് തന്നെ വിതരണം നടത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്.

വിരാലിപുരം ഗ്രാമോദ്ധാരണ ഗ്രന്ഥശാലയുടെ പ്രവർത്തനം

1444 [2181] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിരാലിപുരം ഗ്രാമോദ്ധാരണ ഗ്രന്ഥശാല (രജി.നം.558) തുറന്നു പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിരാലി പൗരക്ഷേമ സമിതി പരാതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) അടിയന്തിരമായി അത് തുറന്ന് പ്രവർത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly